## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 263 — 23.01.2018 ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പി.എച്ച്.സി.കൾ

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ 2017-2018 ബഡ്ജറ്റിൽ വകയിരുത്തിയ 23 കോടി രൂപയുടെ ഭരണാനുമതി നൽകി ടി പ്രവർത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ നടത്തി വരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപ സംസ്ഥാന സർക്കാരിന്റെ 2017-2018 ബഡ്ജറ്റൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ലബോറട്ടറികൾക്കുവേണ്ട ഉപകരണങ്ങൾ ലഭ്യമാക്കിവരുന്നു.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ.ഉ.(എം.എസ്.)നം.75/2017/ആ.കു.വ./തീയതി 12.05.2017 പ്രകാരം ഡോക്ടർ, സ്റ്റാഫ് നഴ്സ് , ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഇതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി വരുന്നു. ഇതു കൂടാതെ 22.12.2017 തീയതിയിലെ സ.ഉ.(കൈ) 188/2017/ആ.കു.വ പ്രകാരം 150 ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും ഇറങ്ങിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയിലറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സിംഗ് പ്രീ ചെക്കപ്പ്, കൗൺസിലിങ്ങും വൈകിട്ട് 6 മണിവരെ ഒ.പി.സേവനങ്ങൾ ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നു. |

<table>
<tr><td>(ബി)</td><td>ഏതൊക്കെ പുതിയ തസ്തികകളാണ് ഇതിന്റെ ഭാഗമായി സൃഷ്ടിക്കുന്നത് ;</td><td>(ബി)</td><td>പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയ 170 സ്ഥാനങ്ങളിൽ സ.ഉ.(എം.എസ്.)നം.75/2017/ആ.കു.വ./തീയതി 12.05.2017 പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 150 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കായി ഫാർമസിസ്റ്റ് തസ്തികകൾ 22.12.2017 തീയതിയിലെ സ.ഉ.(കൈ) 188/2017/ആ.കു.വ പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പി. എച്ച്. സി. കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതെന്നും ഇതിന്റെ ഭാഗമായി എത്ര പേരെ ജില്ലയിൽ പുതിയതായി നിയമിച്ചുവെന്നും അറിയിക്കുമോ;</td><td>(സി)</td><td>കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പി.എച്ച്.സി.കളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>പ്രാഥമികാരോഗ്യ കേന്ദ്രം</th></tr>
<tr><td>1</td><td>കായക്കൊടി</td></tr>
<tr><td>2</td><td>എടച്ചേരി</td></tr>
<tr><td>3</td><td>കോട്ടൂർ</td></tr>
<tr><td>4</td><td>കുന്ദമംഗലം</td></tr>
<tr><td>5</td><td>ആയഞ്ചേരി</td></tr>
<tr><td>6</td><td>ഇരിങ്ങൽ</td></tr>
<tr><td>7</td><td>വടകര താഴത്തങ്ങാടി</td></tr>
<tr><td>8</td><td>അരിക്കുളം</td></tr>
<tr><td>9</td><td>കക്കോടി</td></tr>
<tr><td>10</td><td>രാമനാട്ടുകര</td></tr>
<tr><td>11</td><td>പുതുപ്പാടി</td></tr>
<tr><td>12</td><td>ഓമശ്ശേരി</td></tr>
<tr><td>13</td><td>നൊച്ചാട്</td></tr>
</table>
കോഴിക്കോട് ജില്ലയിൽ പുതിയതായി അസിസ്റ്റന്റ് സർജൻ-13, സ്റ്റാഫ് നഴ്സ്-24, ലാബ് ടെക്നീഷ്യൻ-10 എന്നിവരെ നിയമിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>ബാക്കിയുള്ള പി. എച്ച്. സി. കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണ് ഇത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>2018-2019 വർഷങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് കൂടുതൽ പി.എച്ച്.സി.കളെ പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ